(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പുതിയതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ പ്രവർത്തനം ആരംഭിച്ചവ എത്ര;

(സി) 25 ലക്ഷത്തിന് താഴെ മുതൽമുടക്കു വരുന്ന സ്ഥാപനങ്ങൾ എത്ര;

(ഡി) 25 ലക്ഷത്തിനും 50 ലക്ഷത്തിനും ഇടയിൽ മുതൽമുടക്കു വരുന്ന സ്ഥാപനങ്ങൾ എത്ര;

(ഇ) 50 ലക്ഷത്തിനും ഒരു കോടിയ്ക്കുമിടയിൽ മുതൽമുടക്കു വരുന്ന സ്ഥാപനങ്ങൾ എത്ര;

(എഫ്) ഒരു കോടിയിൽ കൂടുതൽ മുതൽ മുടക്കുള്ള സ്ഥാപനങ്ങൾ എത്ര;

(ജി) ഈ സ്ഥാപനങ്ങളിലെല്ലാം കൂടി തൊഴിൽ സാധ്യത എത്ര യെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) വൻകിട ഇടത്തരം വ്യവസായ മേഖലയിൽ കെ.എസ്.ഐ.ഡി.സി. നിക്ഷേപ തീരുമാനമെടുത്തിട്ടുള്ള വ്യവസായങ്ങൾ 130 എണ്ണം ആണ്. ചെറുകിട വ്യവസായ മേഖലയിൽ 56598 വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ടെക്നോപാർക്കിൽ 25 പുതിയ കമ്പനികൾ വന്നിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള നിക്ഷേപ തീരുമാനമെടുത്ത 130 വ്യവസായങ്ങളിൽ 59 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥിരം രജിസ്ട്രേഷൻ നൽകിയ എല്ലാ ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തനം ആരംഭിച്ചവയാണ്. ടെക്നോപാർക്കിലെ 25 കമ്പനികളും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി) ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 4 എണ്ണം.

(ഡി) ഏഴ് (ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 6-ഉം കെ.എസ്. ഐ.ഡി.സി. യുടെ പരിധിയിൽ വരുന്ന ഒന്നും)

(ഇ) 16 എണ്ണം (ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 4-ഉം കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ളവയിൽ 12-ഉം)

(എഫ്) 128 എണ്ണം. (ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 11-ഉം കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ളവയിൽ 117-ഉം)

(സി)മുതൽ(എഫ്) വരെയുള്ള ചോദ്യങ്ങൾക്ക്, ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) ഉണ്ട്. 223214 പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകും.

10 (1236) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സമീപ ഭാവിയിൽ സംസ്ഥാനത്ത് സ്ഥാപിതമാക്കാവുന്ന ഏതെങ്കിലും പുതിയ വ്യവസായ സംരംഭങ്ങൾക്ക് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

ഉത്തരം

(എ)&(ബി) കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ സമീപഭാവിയിൽ നിർമ്മാണം പൂർത്തിയാകാനിരിക്കുന്ന വ്യവസായ പദ്ധതികളുടെ വിവരം അനുബന്ധം 1-ൽ [†]നൽകിയിരിക്കുന്നു.

(സി) അനുബന്ധം II-ൽ നൽകിയിരിക്കുന്നു. [†]

11 (1237) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ നിരന്തരം നഷ്ടം ഉണ്ടാകാനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ചില പൊതുമേഖലാ സ്ഥാപനങ്ങളിലും വിപണിയിലെ മത്സരം കാരണവും കാലാകാലങ്ങളിൽ സമാന സ്വഭാവമുള്ള മറ്റ് വ്യവസായ സ്ഥാപനങ്ങളെപ്പോലെ സാങ്കേതിക നവീകരണം നടത്താത്തത് കൊണ്ടും ആണ് നഷ്ടം ഉണ്ടാകുന്നത്. ഒന്നിൽ കൂടുതൽ വർഷങ്ങളിൽ ഉണ്ടാകുന്ന നഷ്ടം പ്രവർത്തനമൂലധനം ചോർന്ന് പോകുന്നതിനും തൻമൂലം കൂടിയ പലിശനിരക്കിൽ ബാങ്കുകളിൽ നിന്ന് പ്രവർത്തനമൂലധനസഹായം വാങ്ങേണ്ടി വരുന്നതും, പല സ്ഥാപനങ്ങളിലും നിരന്തരം നഷ്ടം ഉണ്ടാകുന്നതിന് കാരണമാകുന്നു.

12 (1238) പൊതുമേഖലാസ്ഥാപനങ്ങളിലെ ആഡിറ്റ്

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :

[†] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

[†] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly